**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയ ശ്രീ. കെ. പി. ദിലീപിന് തൃശ്ശൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലേക്ക് അനുവദിച്ച അന്യത്ര സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3054/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 01.12.2018.

---

പരാമർശം:- 1) 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന

2) 28.11.2013 ലെ സ.ഉ. (പി) നമ്പർ . 580/2013/ധന

3) 31.08.2017-ലെ സ.ഉ.(സാധാ) നമ്പർ. 2972/2017/തസ്വഭവ

4) 17.07.2018 ലെ ഗ്രാമവികസന കമ്മീഷണറുടെ 10814/എസ്റ്റാ .ഡി4/2018/ സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുഭരണ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയ ശ്രീ. കെ. പി. ദിലീപിന് തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിരുന്നു . ടിയാന്റെ അന്യത്രസേവന കാലാവധി 13/09/2018- ൽ അവസാനിക്കുന്നതിനാൽ 14/09/2018 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിന് ഗ്രാമവികസന വകുപ്പിന് വിയോജിപ്പില്ലെന്ന് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം (2)- ലെ സർക്കാർ ഉത്തരവിന് അനുസൃതമായി, ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (4)- ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ അന്യത്ര സേവന വ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിൽ ജോലി ചെയ്തു വരുന്ന പൊതുഭരണ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീ. കെ. പി. ദിലീപിന്റെ അന്യത്രസേവന കാലാവധി കെ.എസ്. ആർ. ചട്ടം 140(സി)- യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 14.09.2018 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി എം. ആർ**

അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശ്ശൂർ

ശ്രീ. കെ. പി. ദിലീപ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് , ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം, തൃശ്ശൂർ. (ഗ്രാമവികസന കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ/ഇ &ആർ എസ് എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പൊതുഭരണ (സർവ്വീസസ് -ഇ) വകുപ്പ് (26.09.2018-ലെ SE2/367/2018-GAD നമ്പർ പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.